ബേഡകം തെങ്ങിനത്തിന്റെ പ്രചാരണവുമായി സി.പി.സി.ആർ.ഐ.

കാസർകോട് ▸ നാടൻ നെടിയ ഇനത്തിൽപെട്ട പ്രാദേശിക കാർഷിക ഇനമായ ബേഡകം തെങ്ങിന്റെ പ്രചാരണത്തിലൂടെ ജില്ലയിലെ തേങ്ങ ഉത്പാദനം വർധിപ്പിക്കാനുള്ള പദ്ധതിയുമായി സി.പി.സി.ആർ.ഐ. രംഗത്ത്.

ബേഡകം തെങ്ങിന്റെ തൈകൾ ഉത്പാദിപ്പിച്ച് കർഷകർക്കിടയിൽ വിതരണം ചെയ്താണ് ജില്ലയിലെ തേങ്ങയുത്പാദനം വർധിപ്പിക്കുന്ന പദ്ധതി നടപ്പാക്കുന്നത്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി സി.പി.സി.ആർ.ഐ. ബേഡഡുക്ക പഞ്ചായത്ത്, കാറഡുക്ക ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് എന്നീ തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുക.

വലിയ പരിചരണമില്ലാതെ മെച്ചപ്പെട്ട ഉത്പാദനം ലഭിക്കാൻ ശേഷിയുള്ള ഇനമാണ് ബേഡകം തെങ്ങിനം. ജനിതകമേന്മയുള്ള ഈ നാടൻ ഇനത്തിന്റെ സംരക്ഷണവും തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുത്തലും ഉദ്ദേശിച്ചുകൊണ്ടാണ് ബേഡകം തെങ്ങിന്റെ വിത്തുതേങ്ങ സംഭരിച്ച് തൈ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നത്.

ബഹുവർഷ പദ്ധതിയായി നടപ്പാക്കുന്ന ഇതിലൂടെ 2023-ഓടെ ഗുണനിലവാരമുള്ള ബേഡകം തെങ്ങിൻതൈകൾ വിതരണത്തിന് തയ്യാറാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ച് കർഷകക്കൂട്ടായ്മകളുടെ സഹായത്തോടെ ബേഡകം തെങ്ങിൻതൈകൾ വിതരണത്തിനെത്തിക്കും.

പശ്ചിമതീര നെടിയ ഇനങ്ങളിൽ പെട്ട പ്രാദേശിക തെങ്ങിനമാണ് ബേഡകം തെങ്ങ്. ബേഡഡുക്ക, മുന്നാട്, കൊളത്തൂർ എന്നീ പ്രദേശങ്ങളിലാണ് പ്രധാനമായും ഇത് കൃഷി ചെയ്യുന്നത്.

കർഷകരെ സജ്ജമാക്കണം

പദ്ധതിയുടെ പ്രാഥമികഘട്ടമായി കർഷകരെ സജ്ജരാക്കണം. ഇതിന് ബേഡഡുക്ക പഞ്ചായത്തിലെ ഒന്നുമുതൽ പതിനേഴുവരെയുള്ള വാർഡുകളിലെ തെങ്ങുകർഷകരുടെ പട്ടിക ശേഖരിക്കും. തുടർന്ന് സി.പി.സി.ആർ.ഐ. മുഖേന തെങ്ങുകർഷകർക്ക് ബേഡകം തെങ്ങിനത്തെക്കുറിച്ചുള്ള ബോധവത്കരണം നൽകും. കർഷകസംഘം രൂപവത്കരിച്ച് ഇതിന്റെ നേതൃത്വത്തിൽ വിത്തുതേങ്ങ സംഭരണം, വിത്തുതേങ്ങ സൂക്ഷിപ്പ്, നഴ്സറി തയ്യാറാക്കൽ, വിത്തുതേങ്ങ പാകൽ, നഴ്സറിയിൽ തെങ്ങിൻതൈ പരിപാലനം തുടങ്ങിയ പ്രവർത്തനങ്ങളും സി.പി.സി.ആർ.ഐ.യുടെ സാങ്കേതികസഹായത്തോടെയാണ് നടപ്പാക്കുക.

ബേഡകം തെങ്ങിനത്തിന്റെ പ്രചാരണവുമായി ബന്ധപ്പെട്ട് നടന്ന യോഗം സി.പി.സി.ആർ.ഐ. വിള ഉത്പാദനവിഭാഗം മേധാവി ഡോ. രവി ഭട്ട് ഉദ്ഘാടനം ചെയ്യുന്നു

ഇതിന്റെ ഭാഗമായി കർഷകസംഘം രൂപവത്കരണ യോഗം ബേഡഡുക്ക പഞ്ചായത്ത് ഹാളിൽ ചേർന്നു. കാസർകോട് സി.പി.സി.ആർ.ഐ. വിള ഉത്പാദന വിഭാഗം മേധാവി ഡോ. രവി ഭട്ട് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് മാധവൻ അധ്യക്ഷനായി.

ജില്ലാ ആസൂത്രണസമിതിയംഗം സി. രാമചന്ദ്രൻ, സി.പി.സി.ആർ.ഐ. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി. തമ്പാൻ, ബേഡഡുക്ക കൃഷി ഓഫീസർ എൻ.എം. പ്രവീൺ, കേര കർഷക സൊസൈറ്റി പ്രസിഡന്റ് കെ. മുരളീധരൻ, സെക്രട്ടറി കെ. ബാലകൃഷ്ണൻ, ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി എൻ. ഭരതൻ, വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ലതാ ഗോപി എന്നിവർ സംസാരിച്ചു.

Mathrubhumi Daily 20.11.2